പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1044

12/03/2015-ൽ
മറുപടിയ്ക്ക്

## താനൂർ ഗവൺമെന്റ് കോളേജിലെ അധ്യാപകേതര ജീവനക്കാർ

**ചോദ്യം** **മറുപടി**

ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | താനൂർ സി.എച്ച്. മുഹമ്മദ്കോയ ഗവൺമെന്റ് ആർട്ട്സ് ആന്റ് സയൻസ് കോളേജിൽ അധ്യാപകേതര തസ്തികകൾ ഏതൊക്കെ എന്നും എത്രപേരെ നിയമിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | താനൂർ സി.എച്ച്.മുഹമ്മദ്കോയ ഗവ.ആർട്സ് ആന്റ് സയൻസ് കോളേജിൽ അനദ്ധ്യാപക തസ്തികകൾ ഒന്നും ഇതുവരെ സൃഷ്ടിച്ചിട്ടില്ല. കോളേജിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് സ്പെഷ്യൽ ഓഫീസറെ സഹായിക്കുന്നതിനായി പെരിന്തൽമണ്ണ പി.ടി.എം ഗവൺമെന്റ് കോളേജിലെ സീനിയർ ക്ലർക്കിനെ സേവന ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. |
| (ബി) | ഇവരിൽ സ്ഥിരനിയമനം ലഭിച്ചവർ എത്രപേരുണ്ടെന്ന് അറിയിക്കുമോ; | (ബി) | സ്ഥിരനിയമനം ലഭിച്ചവർ ഇല്ല. |
| (സി) | മുഴുവൻ അധ്യാപകേതര തസ്തികയിലും സ്ഥിര നിയമനങ്ങൾ നടത്താനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ ; | (സി) | താനൂർ ഗവൺമെന്റ് കോളേജിൽ അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിരുന്നുവെങ്കിലും ധനവകുപ്പ് 19.09.14-ൽ പുറപ്പെടുവിച്ച ജി.ഒ (പി) നം. 400/14/ധന ഉത്തരവ് പ്രകാരം 31.3.15 വരെ പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ട എന്ന് തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ഏപ്രിൽ 2015 വരെ മാറ്റി വയ്ക്കുണമെന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. |
| (ഡി) | നിയമന നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ? | (ഡി) | അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ 2015 ഏപ്രിലിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും പുതുക്കിയ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ